MR. VARGHESE AUGUSTIN (*Ambalapuzha III—General*) : കുട്ടനാട്ടിൽ നിന്നും ആലപ്പുഴ പോകുന്നതിന് എന്ത ദൂരമുണ്ടെന്നറിയാമോ ?

HON'BLE MR. V. O. MARKOS : കുട്ടനാട് എന്നുള്ളത് എവിടെയെല്ലാം ഉള്ള് അളുകൾം അവകാശപ്പെടുന്നുവെന്ന നല്ല നിശ്ചയമില്ല. ചങ്ങനാശേരി എന്ന വയ്ക്കുകയാണെങ്കിൽ ൫ ൦ മൈൽ വരുമെന്നാണ തോന്നുന്നത്.

MR. VARGHESE AUGUSTIN : ഇത്രയും ദൂരം സുഖക്കേട പിടിച്ച കുന്നുകാലികളെയുംകൊണ്ട പോകുക എളുപ്പമാണെന്നാണോ വിചാരിക്കുന്നത്?

HON'BLE MR. V. O. MARKOS : ചങ്ങനാശേരിയിൽതന്നെ ഒരു ആശുപത്രിയുണ്ട്.

പോലീസുമർദ്ദനം.

*154. MR, K. SARANGADHARAN : താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ?

ചേർത്തല വിദ്യാർത്ഥി മി. പൗലോസ്സിനെ കയ്യേറ്റംചെയ്ത പോലീസ്സുകാരുടെമേൽ ഗവണ്മെൻറ എന്ത നടപടി നടത്തി ?

HUN'BLE MR. T. K. NARAYANA PILLAI : അതിൽ ഉൾപ്പെട്ടിരുന്ന കാൻസ്റ്റബിൾമാർ ർ ൈൻ൫-൦, ർ വ ർ ൦-൦ ആണ്. ഇതിൽ ആദ്യത്തെ ആളിനെ ൧൫ ദിവസത്തേക്കും രണ്ടാമത്തെ ആളിനെ ഒരു മാസത്തേക്കും സസ്പെൻറ ചെയ്തിട്ടുണ്ട.

രാഷ്ട്രഭാഷാവിശാരദന്മാർ.

*150 MR. MANNAR GOPALAN NAIR (*Thiruvalla—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദക്ഷിണഭാരതഹിന്ദിപ്രചാരസഭയുടെ രാഷ്ട്രഭാഷാവിശാരദപരീക്ഷ പാസ്സായിട്ടുള്ളവരും, സഭ അംഗീകരിച്ചിട്ടുള്ളവരുമായ പ്രമാണിതപ്രചാരകന്മാരെ വയക്കോൽ പുത്തിലും സാമാന്യപരീക്ഷായോഗ്യതയിലും നിന്ന ഒഴിവാക്കി ഗവണ്മെൻറ സ്കൂളുകളിൽ നിയമിക്കണമെന്ന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്ത നടപടി നടത്തി?

HON'BLE MR. N. KUNJURAMAN: (*a*) Yes.

(*b*) Since the candidates referred to in the representations are not duly qualified for the posts under the rules, the representation has not been considered.

LIBRARY ARCHIVES Kerala Legislative Assembly